കോവിഡ് – 19 പ്രതിരോധ പ്രവർത്തനങ്ങളിൽ സർക്കാർ സംവിധാനങ്ങളുടെ സഹായവും പിന്തുണയും ലഭ്യമാക്കാനുള്ള ഹെൽപ് ഡസ്ക് നിയമസഭയിൽ ആരംഭിച്ചു.

24 മണിക്കൂറും പ്രവർത്തിക്കുന്നതാണ് ഈ ഹെൽപ് ഡെസ്ക്.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ലോകത്തിന്റെയും ഇന്ത്യയുടെയും പലഭാഗങ്ങളിൽനിന്നും പലവിധ സഹായം ആവശ്യപ്പെട്ട് നിരവധി പേർ നിയമസഭാ സെക്രട്ടേറിയറ്റിനേയും സ്പീക്കറുടെ ഓഫീസിനേയും ബന്ധപ്പെടുന്നു ്. ലോക കേരള സഭയിലെ അംഗങ്ങളും ബന്ധപ്പെടുന്നു ്. ഈ സാഹചര്യത്തിലാണ് ഹെൽപ് ഡെസ്ക് ആരംഭിച്ചിരിക്കുന്നത്. സർക്കാർ തയ്യാറാക്കിയ ഏകോപന സംവിധാനവും വാർ റൂം ഉൾപ്പെടെയുള്ള സംവിധാനങ്ങളും ബന്ധപ്പെടുന്നവർക്ക് ഉറപ്പുവരുത്തുന്നതിനുള്ള കേന്ദ്രമായാണ് ഹെൽപ് ഡസ്ക് പ്രവർത്തിക്കുന്നത്.

തിരുവനന്തപുരം കോർപ്പറേഷന്റെ സാമൂഹിക അടുക്കളയിലേക്ക് നിയമസഭയിൽനിന്നും ഭക്ഷണപ്പൊതികൾ നൽകുന്നു ്. നിയമസഭാ ജീവനക്കാരുടെ പങ്കാളിത്തത്തിൽ തയ്യാറാക്കുന്ന ഭക്ഷണപ്പൊതികളാണ് കൈമാറുന്നത്.

കൂടാതെ, കുട്ടികൾക്കും കുടുംബാംഗങ്ങൾക്കും ഒരുപോലെ ഉപയോഗിക്കാവുന്ന ഒരു ഇൻഫോടൈൻമെന്റ് മൊബൈൽ ആപ്പും നിമയഭയിൽ ഒരുങ്ങുന്നു ്. നിയമസഭയുടെ ഡിജിറ്റൽ ഐ ടി വിങ്ങിന്റെ നേതൃത്വത്തിൽ വീടുകളിലിരിക്കുന്ന കുട്ടികൾക്ക് പ്രത്യേക ഡിജിറ്റൽ പരിശീലന പരിപാടിയാണ് പ്രധാനമായും ആപ്പിലൂടെ ഉദ്ദേശിക്കുന്നത്. വെർച്വൽ ക്ലാസ് റൂം ഉൾപ്പെടെയുളഅള സംവിധാനമുള്ള ആപ്പിന്റെ സേവനം ഉടൻ ലഭ്യമാകും.

മാനസിക ഉല്ലാസത്തിനും, സംഘർഷം കുറയ്ക്കുന്നതിനുമുള്ള ആപ്പിൽ രക്ഷിതാക്കൾക്കുള്ള കുടുംബ കൗൺസിലിംഗ് സംവിധാനവും ഒരുക്കും. കോവിഡ് 19 സമൂഹവ്യാപനം തടയാനുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരികയാണ്.